## കേരള കാർഷിക സർവ്വകലാശാല

നമ്പർ. ജി.എ/ഡി2/3879/2020 മെയിൻ കാമ്പസ്, വെള്ളാനിക്കര

തിയ്യതി, 17/03/2020

### സർക്കുലർ

വിഷയം. COVID-19–പകർച്ചവ്യാധിയുടെ വ്യാപനം തടയുന്നതിനുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നത് - സംബന്ധിച്ച്

**********

COVID-19 – പകർച്ചവ്യാധി കേരളത്തിൽ വ്യാപിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇതിനെതിരെ കേരള കാർഷിക സർവ്വകലാശാല സ്ഥാപനങ്ങളിൽ പകർച്ചവ്യാധിയുടെ വ്യാപനം തടയുന്നതിനുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കേണ്ടത് അനിവാര്യമായിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

i. കേരള കാർഷിക സർവ്വകലാശാല സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർക്കും സന്ദർശകർക്കും ഹാൻഡ് സാനിറ്റൈസർ ലഭ്യമാക്കേണ്ടതും അവ ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

ii. സർവ്വകലാശാല സ്ഥാപനങ്ങളിലെ ശുചിമുറികളിലും മറ്റും ഹാന്റ് വാഷും വെള്ളവും ഉപയോഗിച്ച് കൈകൾ കഴുകുന്നതിനുള്ള സൗകര്യം ഉറപ്പുവരുത്തേണ്ടതാണ്.

iii. ഹസ്തദാനം, പൊതുസമ്പർക്കം മുതലായവ കുറച്ചുകാലത്തേക്ക് ഒഴിവാക്കേണ്ടതാണ്.

iv. കണ്ണ്, മൂക്ക്, വായ എന്നിവ ഇടയ്ക്കിടെ സ്പർശിക്കുന്നത് കഴിയാവുന്നതും ഒഴിവാക്കണം.

v. ചുമയോ തുമ്മലോ ഉള്ളവരിൽ നിന്ന് ചുരുങ്ങിയത് ഒരു മീറ്ററെങ്കിലും അകലം പാലിക്കേണ്ടതാണ്.

vi. പനി, ചുമ, തൊണ്ടവേദന മറ്റ് ശ്വസനരോഗങ്ങൾ എന്നിവ അനുഭവപ്പെട്ടാൽ ഉടനടി വൈദ്യസഹായം തേടേണ്ടതും ആവശ്യമായ വിശ്രമം എടുക്കേണ്ടതുമാണ്.

മേൽ മുൻകരുതൽ നടപടികൾ സർവ്വകലാശാല സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുടേയും സന്ദർശകരുടേയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ അതാത് സ്ഥാപന മേധാവികൾ സ്വീകരിക്കേണ്ടതാണ്.

**ഡോ. ഡി.ഗിരിജ**
**രജിസ്ട്രാർ**

സ്വീകർത്താവ്

കേരള കാർഷിക സർവ്വകലാശാലയ്ക്കു കീഴിലുള്ള എല്ലാ സ്ഥാപന മേധാവി മേധാവികളും

പകർപ്പ്: വൈസ് ചാൻസിലറുടെ പി.എസ്/ വൈസ് ചാൻസിലറുടെ പി.എ/ രജിസ്ട്രാറുടെ പി.എ/കംപ്ട്രോളറുടെ പി.എ/ഡെപ്യൂട്ടി രജിസ്ട്രാർ ഭരണം.I/ലേബർ ഓഫീസർ/ കരുതൽ ശേഖരം/മിച്ചം.

//അംഗീകാരത്തോടെ അയയ്ക്കുന്നത്//

സെക്ഷൻ ഓഫീസർ